തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും വിലയിരുത്തുന്നുണ്ട്. കൂടാതെ ബ്ലോക്ക്/ജില്ലാ തലങ്ങളിൽ വിളിച്ചുചേർക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗങ്ങളിലും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതിയുടെ പുരോഗതി പ്രതിമാസ റിപ്പോർട്ടുകളിലൂടെ സംസ്ഥാന തലത്തിലും വിലയിരുത്തുന്നുണ്ട്. നഗരസഭയുടെ കാര്യത്തിൽ നഗരകാര്യവകുപ്പ് മേഖലാ ജോയിന്റ് ഡയറക്ടർ (കൊല്ലം, കൊച്ചി, കോഴിക്കോട്) മേഖലാടിസ്ഥാനത്തിൽ എല്ലാ മാസവും പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നതും സർക്കാർ തലത്തിൽ എല്ലാ മാസവും വിലയിരുത്തലുകൾ നടത്തി വരുന്നതുമാണ്.

(ബി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ അനുസരിച്ച് നടത്തിയ അർഹതാ പരിശോധനയുടെയും പുനഃപരിശോധനയുടെയും അടിസ്ഥാനത്തിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) 2007 ഏപ്രിൽ മുതൽ 30-11-2010 വരെ 3.5 ലക്ഷം വീടുകൾ പൂർത്തിയായിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആകെ വിഹിതത്തിന്റെ 15 ശതമാനത്തിൽ കുറയാത്ത തുക ഇ.എം.എസ്. ഭവന പദ്ധതിക്ക് നീക്കിവയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തുകൾക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്ന് 1534.14 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. നഗരസഭകൾക്ക് സഹകരണ ബാങ്കുകളിൽ നിന്നും 2,90,77,35,486/- രൂപ വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഇ) 2010-11 സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(എഫ്) പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിച്ച വീടുകൾ പൂർത്തീകരിക്കുന്നതിനും വീട് അനുവദിക്കുന്നതിനും അർഹതയുള്ള ബാക്കി ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

16(*46) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലെ വീഴ്ചകൾ എന്തൊക്കെയാണെന്ന് വിശകലനം നടത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) ഇത്തരം വീഴ്ചകൾ പരിഹരിച്ച് ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ&ബി) വിശകലനം നടത്തിയിട്ടുണ്ട്. കേരളത്തിൽ പദ്ധതി ലക്ഷ്യം പൊതുവിൽ കൈവരിച്ചിട്ടുണ്ട്. എന്നാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പരിമിതികൾ സംസ്ഥാനം നേരിടുകയാണ്.

(1) പൊതുഭൂമിയുടെ അഭാവം.

(2) പദ്ധതിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള 125 രൂപ പ്രതിദിനമെന്ന കുറഞ്ഞ കൂലി നിരക്ക്.

(3) അവിദഗ്ദ്ധ കായികാധ്വാന പ്രധാനമായ തൊഴിലിനുള്ള ഡിമാന്റ് കുറവ്.

(4) തീരപ്രദേശത്തും തോട്ടം മേഖലയിലും അനുയോജ്യമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്.

(സി) (1) ഗ്രാമപഞ്ചായത്തുകൾ നിർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി ചെറുകിട നാമ മാത്ര കർഷകരുടെ സ്വകാര്യഭൂമിയിലും പ്രവൃത്തികൾ ഏറ്റെടുക്കുവാൻ നടപടിയെടുത്തിട്ടുണ്ട്.

(2) കേന്ദ്രസർക്കാരിനോട് കേരളത്തിലെ കർഷകത്തൊഴിലാളികളുടെ മിനിമം കൂലിയായ പ്രതിദിനം 200 രൂപയെന്ന നിരക്ക് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്.-നും ബാധകമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(3) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ഡാറ്റയും ഷെഡ്യൂൾ ഓഫ് റേറ്റും തയ്യാറാക്കുന്നതിന് വേണ്ടി പരീക്ഷണാർത്ഥം നടത്തിയ വർക്ക്-ടൈം-മോഷൻ സ്റ്റഡി നാല് ജില്ലകളിൽ പൂർത്തീകരിച്ചു. പൂർണ്ണ തോതിലുള്ള വർക്ക്-ടൈം-മോഷൻ സ്റ്റഡി എല്ലാ ജില്ലകളിലും നടന്നുവരുന്നു.

(4) മറ്റ് വകുപ്പുകളുമായി ചേർന്ന് സംയോജന പദ്ധതികൾ ഏറ്റെടുത്ത് വരുന്നു.

(5) സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കാൻ ഊന്നൽ നൽകി വലിയ പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(6) പ്രകൃതി വിഭവ സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) 2009-ൽ 50 ദിവസത്തിലധികം പദ്ധതിയിൽ പണിയെടുത്തിട്ടുള്ള കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും കിലോയ്ക്ക് 2 രൂപ നിരക്കിൽ അരിയും നൽകുന്നു.

(8) തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്രീകരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതികൾ തയ്യാറാക്കാൻ വേണ്ട പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly